# പള്ളികഥകൾ

## മിനികഥകൾ അറുപത്തി ആറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, വളരെവിചിത്രമായ ഒരു സംഭവകഥയാണ് ഇപ്പോൾ പറയാൻ പോകുന്നത്. അമേരിക്കയിലെ ഒരു പട്ടണത്തിൽ വർഷങ്ങൾക്കു മുമ്പ് നടന്നതാണിത്. ഏകദേശം നൂറു കുടുംബഗങ്ങൾ ഉള്ള പള്ളിയിലെ കൈമുത്തു സമയത്ത്:

# കമ്മലുകാരൻ

“എന്റെ ഓഫീസിൽ വന്നു കണ്ടിട്ടേ പോകാവൂ” വികാരിയച്ചൻ ആ കമ്മലുമിട്ട് ബ്രമ്മുടായുമിട്ട് പള്ളിയിൽ വന്ന ആ ചെറുപ്പക്കാരനോട് പറഞ്ഞതാണ്.

“ഐ ഒൺലി ടാക്ക് ഇംഗ്ലീഷ്” അയാൾ പ്രതിവചിച്ചു. അന്ന് ആ ദേവാലയത്തിൽ വന്ന എല്ലാവരും ആ ചെറുപ്പക്കാരനെ ശ്രദ്ധിച്ചു. യാതൊരു സങ്കോചവും ഇല്ലാതെ കമ്മലുമിട്ട്, ബ്രമ്മുടാ എന്നറിയപ്പെടുന്ന ആ നീണ്ട നിക്കറുമിട്ട്, തലമുടിയും വളർത്തി അവിടെ ആരാധനയിൽ പങ്കെടുക്കാൻ വന്ന അയാളെ ആരും ശ്രദ്ധിച്ചു പോകും.

ഏകദേശം അറുപത് വയസുള്ള പീറ്ററച്ചനാണ് ഇപ്പോഴത്തെ അവിടുത്തെ വികാരി. ആൾ വളരെ നല്ലവനാണെങ്കിലും എന്തെങ്കിലും ഒരു കുഴപ്പം കണ്ടാൽ മുഖപക്ഷം നോക്കാതെ ആരേയും അദ്ദേഹം വഴക്കു പറയും. എന്നാൽ എല്ലാവർക്കും അച്ചനെ വളരെ പ്രിയവുമാണ്.

“നിന്റെയൊന്നും നക്കാപിച്ച കാശുകൊണ്ടല്ല ഞാൻ ജീവിക്കുന്നതെന്ന് അച്ചൻ പലപ്പോഴും പറഞ്ഞിട്ടുണ്ടെങ്കിലും മാസാമാസം ശമ്പളം സന്തോഷത്തോടെ വാങ്ങിക്കും. അച്ചൻ ഒരു ഫാർമസിസ്റ്റ് എന്നതിലുപരി അവിടുത്തെ സൂപ്രവൈസർ കൂടിയാണ്. അവിടെ അദ്ദേഹം ജോലി ചെയ്യുന്നിടുത്ത് അദ്ദേഹത്തെ ഭരിക്കാൻ വേറെ മേലധികാരികൾ വേറെയില്ല. എന്നു കരുതി തോന്ന്യാസമായിട്ട്, ദൈവത്തിന് നിരക്കാത്തതായി അദ്ദേഹം ഒന്നും ചെയ്യത്തില്ല. അച്ചന് പള്ളിയുടെ വികാരി കൂടി ആയതുകൊണ്ട് പള്ളി ആവശ്യങ്ങൾ ഉള്ളപ്പോൾ ഒന്നും അദ്ദേഹം ജോലിക്കു പോകാറില്ല. എന്നാൽ ഞായറാഴ്ച ആരാധനയും മറ്റും കഴിയുമ്പോൾ ജോലിസ്ഥലത്തു കൂടെ ഒന്നു പോയിട്ടേ പാഴ്സനേജിൽ പോകാറുള്ളു. അദ്ദേഹത്തിന് മാസ ശമ്പളമാണ് അല്ലാതെ മണിക്കൂറു കണക്കിനല്ല ശമ്പളം. അച്ചന് കുടുംബമൊന്നുമില്ലാത്ത ഒരു ദയറാ പട്ടക്കാരനാണ്.

അന്ന് ആരാധനയെല്ലാം കഴിഞ്ഞ് ഓഫീസിൽ ആ കമ്മലിട്ട ചെറുപ്പക്കാരനേയും കൂട്ടി ചെന്നിരുന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങി. എല്ലാ ഞായറാഴ്ചയും ആരാധന കഴിഞ്ഞ് ആ പള്ളിയിൽ ചോറും കറികളും കാണും. ഇതിനു മുൻപിരുന്ന അച്ചന്മാരെല്ലാം പള്ളിയിൽ വരുന്ന ജനങ്ങളുടെ കൂടെയിരുന്നായിരുന്നു ഭക്ഷണം കഴിച്ചിരുന്നത്. എന്നാൽ ഈ അച്ചൻ വന്നപ്പോൾ മുതൽ ഓഫീസിലിരുന്നാണ് ഭക്ഷണം കഴിക്കുന്നത്. ആരെങ്കിലും വിശിഷ്ഠ അതിഥികൾ ഉണ്ടെങ്കിൽ മാത്രം അവരെ അച്ചൻ ക്ഷണിച്ച് അദ്ദേഹത്തിന്റെ കൂടെ ഓഫീസിലിരുത്തി ഭക്ഷണം കഴിക്കാറുണ്ട്.

ഈ ചെറുപ്പക്കാരനെ ഈ അച്ചൻ ആദ്യമായാണ് ഈ പള്ളിയിൽ കണ്ടത്. അവനിൽ നിന്ന് അച്ചൻ മനക്ഷിലാക്കിയത്: അവന്റെ പേര് വിഷ്ണു, അപ്പൻ രാജപ്പൻ, അമ്മ രേവതി. അവർ ക്രിസ്ത്യാനികളാണ്, ആ പള്ളിയിലെ അംഗങ്ങളാണ്.വിഷ്ണുവിനും മനസ്സിലായി അച്ചൻ വളരെ സ്നേഹവാത്സ്യല്ല്യത്തോടെയാണ് അവനോടെ പെരുമാറുന്നതെന്ന്. ഇംഗ്ലീഷിൽ തന്നെയാണ് സംസാരിച്ചതെങ്കിലും മലയാളത്തിൽ മോനേ എന്ന് അഭിസംബോധന ചെയ്തിരുന്നതു മുഴുവനും. എല്ലാ ആരാധനാദിവസങ്ങളിലും പള്ളിയിൽവരണമെന്നും, വരുമ്പോൾ ഈ കമ്മലും നിക്കറും എല്ലാം മാറ്റി കുളിച്ച് വൃത്തിയായി വേണം വരേണ്ടതെന്നും ഉപദ്ദേശിച്ചു വിട്ടു.

സാവകാശം അച്ചൻ ആ ദേവാലയത്തിൽ വരുന്ന പല പഴയ ആൾക്കാരോടും ചോദിച്ച് ആ കുടുംബത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മനസ്സിലാക്കി. വിഷ്ണുവിന്റെ പിതാവ് യഥാർത്ഥത്തിൽ ഹിന്ദുവായിരുന്നു. അദ്ദേഹം വളരെ വർഷങ്ങൾക്കു മുമ്പ് കമല എന്ന ഹിന്ദു സ്ത്രീയെ വിവാഹം കഴിച്ച് അമേരിക്കയിൽ വന്നതാണ്. ആ സ്ത്രീ വളരെ സുന്ദരിയാണെന്നതിനേക്കാൾ കൂടുതലായി അതിന്റെ അഹങ്കാരവും ഉണ്ടായിരുന്നു. ഏകദേശം ആറു വർഷം ആ സ്ത്രീയുടെ കൂടെ അയാൾ കഴിഞ്ഞു. അത് കഴിഞ്ഞ് ആ ബന്ധം വേർപിരിഞ്ഞു. അവർക്ക് മക്കളൊന്നുമില്ലായിരുന്നു. കമല ഒരു രജിസ്റ്റേഡ് നേഴ്സായി രണ്ടും മൂന്നും ഷിഫ്റ്റ് ജോലി ചെയ്ത് ധാരാളം പണവും സമ്പാദിച്ചിരുന്നു. ഈ കാലഘട്ടത്തിനിടയിൽ അയാൾ അമേരിക്കൻ പൗരത്വം കരസ്ഥമാക്കിയതു കൂടാതെ അമേരിക്കയിൽ തന്നെ പഠിച്ച് രജിസ്റ്റേഡ് നേഴ്സായി ജോലിയും സമ്പാദിച്ചു.

ഈ കാലഘട്ടത്തിൽ രേവതി അവളുടെ ജേഷ്ഠത്തി വിസിറ്റിംഗ് വിസായിൽ അവളെ അവിടെ കൊണ്ടുവന്നത്. വെറും ആറുമാസത്തേക്ക് അവൾ വന്നതാണ്. അവളുടെ ജേഷ്ഠത്തി പ്രസവിച്ചു കിടന്നപ്പോൾ ശുശ്രൂഷിക്കാനും കുഞ്ഞിനെ നോക്കാൻ ഒരാളും എന്ന നിലയിൽ അത് ഉപകാരപെട്ടു. അവർ രാജനും രേവതിയും ഇതിനിടയിൽ കണ്ട് പരിചയപ്പെടാനിടയായി. ഫോൺ വിളികളുടെ അവസാനം അവർ രണ്ടുപേരും കൂടെ പോയി രജിസ്റ്റേഡ് വിവാഹവും നടത്തി. രേവതിയുടെ ജേഷ്ഠത്തിക്ക് അതിൽ യാതൊരഭിപ്രായ വ്യത്യാസവും ഇല്ലായിരുന്നു. ദീർഘകാലം അവർ ആ വീട്ടിൽ അവരുടെ കുഞ്ഞിനേയും നോക്കി കഴിഞ്ഞു. ഇതിനിടയിൽ രേവതിയുടെ വിസിറ്റിംഗ് വിസായെന്നത് ഗ്രീൻ കാർഡായി. കൂടാതെ അവളും അവിടെ പഠിച്ച് രജിസ്റ്റേഡ് നേഴ്സായി. അതിനിടയിൽ അവളുടെ പള്ളിയിലെ അച്ചനെ കണ്ട് രഹസ്യമായി പള്ളിയിൽ വെച്ചും അവർ വിവാഹിതരായി. അവളുടെ സന്തോഷത്തിന് അങ്ങിനെയെങ്കിൽ അങ്ങിനെയെന്നയാളും കരുതി. അതിനു ശേഷം അവർ അതിനടുത്ത പട്ടണത്തിലേക്ക് താമസം മാറ്റി. അപ്പോൾ അവിടെ അവരെ അറിയുന്ന ആരും ഇല്ലായെന്ന് അവർ ധരിച്ചു. ഇപ്പോൾ അവർ താമസിക്കുന്ന ആ പട്ടണത്തിൽ വന്നയുടെ തന്നെ അവിടുത്തെ പള്ളിയിൽ പേര് രജിസ്റ്റേഡ് ചെയ്തു. അവരുടെ വിവാഹം നടന്നപ്പോൾ തന്നെ അയാൾ ക്രിസ്തുമതം സ്വീകരിച്ചെങ്കിലും അയാളുടെ പേര് മാത്രം മാറിയില്ല; ആ പേരിലും ധാരാളം ക്രിസ്ത്യാനികൾ ഉണ്ടെല്ലോയെന്നവർ ആശ്വസിച്ചു. അവർക്ക് ഒരു മകനുണ്ടായപ്പോൾ അവന് വിഷ്ണു എന്ന പേരിടണമെന്നയാൾ ശഠിച്ചു. പള്ളിയിൽ അന്നിരുന്ന വികാരിയച്ചനോട് ആരാഞ്ഞപ്പോൾ അതിന് അദ്ദേഹവും സമ്മതിച്ചു.

ഇപ്പോൾ വിഷ്ണുവിന് ഇരുപതു വയസായി. ഇനിയും അവൻ ഒരു ക്രിസ്ത്യാനിയായി അടുത്ത തലമുറയെ നടത്തണമെന്ന രേവതിയുടെ ആഗ്രഹക്രമാരമാണ് അവൻ അന്ന് പള്ളിയിൽ പോയത്. അവന്റെ മാമ്മോദീസാ ദിവസം അവർ പള്ളിയിൽ പോയതിനു ശേഷം ഇതുവെരെ അവർ പള്ളിയിൽ പോയിട്ടില്ല. എന്നാൽ പള്ളിയ്ക്ക് കൊടുക്കേണ്ട പണമിടപാടു കാര്യങ്ങളെല്ലാം അതാതു സമയത്തു തന്നെ കൊടുത്തിരുന്നു. അവനോട് പീറ്റർ അച്ചൻ വളരെ സ്നേഹമായിട്ടാണ് പെരുമാറിയതെന്നറിഞ്ഞ രാജപ്പനും രേവതിയും അദ്ദേഹത്തെ അവരുടെ വീട്ടിൽ ക്ഷണിച്ചു വരുത്തി സൽക്കരിച്ചു. രേവതിയും അച്ചനും പഴയ കാല സുഹൃത്തുക്കളായിരുന്ന വിവരം സ്മരിച്ചു.